# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 741 9-8-2017 ൽ മറുപടിക്ക്

പയ്യന്നൂർ മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി |
| എ) | 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പയ്യന്നൂർ മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് വരെയായി എന്ന് വിശദമാക്കാമോ ; | എ) | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പെരിങ്ങോം വില്ലേജിൽ റീസർവ്വേ നമ്പർ 52/2016 പ്രകാരമുള്ള 4-0470 ഹെക്ടർ ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി സ.ഉ. (സാധാ) 1563/2016/പജ പവ വിവ തീയതി. 21.10.2016 പ്രകാരം ഭരണാനുമതി ഉത്തരവായിരുന്നു.കെട്ടിടനിർമ്മാണത്തിനായി KIIFB യിൽ 25 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 05.08.2008 ലെ G.O. (Ms) 107/2010/SC ST DD പ്രകാരംഅധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും പരിശോധിച്ചുവരുന്നു. |
| ബി) | പ്രസ്തുത സ്കൂൾ തുടങ്ങുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ? | ബി) | 2017-18 വർഷം തന്നെ എം.ആർ.എസ്. പ്രവർത്തനം ആരംഭിക്കുന്നതിനായി പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 2,000 ചതുരശ്രയടിയോളം വിസ്തീർണ്ണമുള്ള ഒരു കെട്ടിടം ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് ലഭ്യമാക്കിയതിൽ ആവശ്യമായ ഭൗതിക സാഹചര്യം സൃഷ്ടിച്ച് പ്രവർത്തനമാരംഭിക്കുന്ന കാര്യം പരിശോധിച്ചിരുന്നുവെങ്കിലും സ്ഥല പരിമിതി കാരണം ഉപേക്ഷിക്കുകയുണ്ടായി. കൂടാതെ 05.08.2008 ലെ G.O. (Ms) 107/2010/SC ST DD പ്രകാരം അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. കെട്ടിടം പണിപൂർത്തിയാകുന്നതിന് മുമ്പായിഎം. ആർ.എസ്. ആരംഭിക്കുന്നതിന് അനുയോജ്യമായ വാടക കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ